KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
PRESENTS

# പട്ടം 2018

## ജി.എച്ച്.എസ്.എസ് വരവൂർ

വരവൂർ ഗവ.ഹയർ സെക്കന്ററി സ്കൂളിലെ 2018-19 വർഷത്തെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ ഭാഗമായി ഞങ്ങൾ നിർമ്മിച്ച ഈ ഡിജറ്റൽ മാഗസ്സിൻ സഹൃദയ സമക്ഷം ആദരവോടെ സമർപ്പിക്കുന്നു

ലിറ്റിൽ കൈറ്റ്സ്
G.H.S.S വരവൂർ



# ഉള്ളടക്കം

സന്ദേശം....2
വരവൂർ സ്കൂൾ പൂർവ്വ ചരിത്രം....3
ഓറഞ്ച്ചു സൂര്യൻ....6
പട്ടം....8
പൊൻ ഗ്രാമം....8
ജലരക്ഷാമിഷൻ – 676....9
കേരളം നമ്മുടെ ഭാവനയിൽ....9
പരിശ്രമം വിജയത്തിൻ മുന്നോടി....10
കേരളത്തിന്റെ ബുദ്ധമയൂരി....10
ഗാന്ധിജി....11
ബേക്കൽകോട്ട....11
സമ്മാനം....12
കാടറിയാം-2019....12
കേരളം അതിജീവിച്ച കഥ....13
ബാല്യം....13
നിറം മങ്ങുന്ന താജ്മഹൽ....14
ശബ്ദങ്ങൾ....14
മഴ....14

# സന്ദേശം



വരും കാലങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ കഴിവുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെ കുട്ടികളുടെ ഐ.ടി. കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വരവൂർ ഗവൺമെന്റ് ഹൈസ്കൂളിലും പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരു ഇ-മാഗസിൻ നിർമ്മിച്ചിരിക്കുന്നു. കുട്ടികളുടെ ചെറുതെങ്കിലും മനോഹരമായ ഈ ഉൽപ്പന്നം സന്തോഷവും അഭിമാനവും ഉളവാക്കുന്നു. ഇ-മാഗസിൻ നിർമ്മാണത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങളെയും മറ്റു കുട്ടികളെയും മാർഗനിർദ്ദേശങ്ങൾ നൽകിയ അധ്യാപകരെയും

പ്രത്യേകം അഭിനന്ദിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ഐ.ടിയിലുള്ള താൽപ്പര്യവും കഴിവും വർധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ,

രതി. വി.ബി, ഹെഡ്മിസ്ട്രസ്സ് ജി.എച്ച്.എസ്.എസ് വരവൂർ

# വരവൂർ സ്കൂൾ പൂർവ്വ ചരിത്രം............




ഇരുപതാം നൂറ്റാണ്ടിൽ തന്നെ വരവൂർ പഞ്ചായത്തിൽ ഔപചാരിക വിദ്യഭ്യാസം ആരംഭിച്ചിട്ടുണ്ട്.വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്ന കാര്യത്തിൽ കപ്ലിങ്ങാട്ടുമനയുടെ സംഭാവന എടുത്തുപറയേണ്ടതാണ്. പ്രസിദ്ധജ്യോതി ശാസ്ത്രപണ്ഡിതനും പുരോഗമനവാദിയുമായിരുന്ന കപ്ലിങ്ങാട്ടു മനക്കൽ ശ്രീ നീലകണ്ഠൻ ഭട്ടതിരിപ്പാടിന്റെ ശ്രമഫലമാ യാണ് വരവൂരിൽ ആദ്യമായി ഒരു വിദ്യാഭ്യാസസ്ഥാപനം ഉയർന്നു വന്നത് അന്നത്തെ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ശ്രീ അയ്യൻ മേനോനുമായി ഭട്ടതിരിപ്പാടിനുള്ള സൗഹൃദം ഇതിന് സഹായകമായി.മന വക വിറകുപുരയിലായിരുന്നു ആദ്യ ക്ലാസ്സ് നടത്തിയിരുന്നത്. തുടക്കത്തിൽ രണ്ടാം തരം-വരെ മാത്രമെ ഉണ്ടായിരുന്നുള്ളൂ. പിന്നീട് നാലാം തര വരെ ഉയർന്നു വന്നു. ആദ്യത്തെ പ്രധാന അധ്യാപകൻ ശ്രീ വെങ്കി-ടാദ്രി അയ്യർ ആയിരുന്നു സ്കൂളിൽ ജാതി വിവേചനത്തിന് പ്രസക്തി ഇല്ലായിരുന്നുവെങ്കിലും സമൂഹത്തിലെ താഴന്ന തട്ടി-ലുള്ളവർ ക്ലാളാസ്സിൽ ഹാജരാകാൻ മടി കാണിച്ചിരുന്നു.

അന്നത്തെ പ്രധാന അധ്യാപകനും ഭട്ടതിരി എന്നിവരുടെ ശ്രമഫലമാ യി അവരെയും വിദ്യാഭ്യാസ മേഖലയിലേക്ക് എത്തിക്കാൻ സാധിച്ചു. ആദ്യബാച്ചിൽ തന്നെ പെൺകുട്ടികളും ഉണ്ടായിരുന്നു. ബ്രാഹ്മണരായ അധ്യാപകരെല്ലാം മനക്കൽ തന്നെയാണ് താമ-സിച്ചിരുന്നത്. പിന്നീട് മനവകസ്ഥലം സ്കൂളിനായി വിട്ടുകൊടുക്കു കയും നാലുവരെ ക്ലാസുകൾ ആ രംഭിക്കുകയും ചെയ്തു. കൊടക്കാട്ടിൽ ബാലകൃഷ്ണമേനോൻ കൊച്ചിയിൽ മന്ത്രിയായിരുന്നപ്പോൾ Lp സ്കൂൾ Up സ്കൂൾ ആയി ഉയർത്തപ്പെട്ടു.

പിന്നീട് MLA ആയിരുന്ന ശ്രീ.വി.കെ അച്ചുതമേനോനും മറ്റും ശ്രമഫലമായി വരവൂർ ഗവ.യു.പി സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെടുകയും 1952-ൽ SSLC ആദ്യബാച്ച് പരീക്ഷ എഴുതുകയും ചെയ്തു.

1961-ൽ കേരളസർക്കാർ ഹൈസ്കൂളുകളോട് ചേർന്നുള്ള LP സ്കൂൾ വേർത്തിരിച്ചതിന്റെ ഭാഗമായി LP വിഭാഗം വേർത്തിരിക്കുകയും തൃശ്ശൂർ-ദേശമംഗലം റോഡരികിലേക്ക് മാറ്റുകയും ചെയ്തു.3 ഉം 4 ഉം ക്ലാസ്സുകളാണ് ആദ്യം മാറ്റിയത്.1976-ൽ 1 മുതൽ 4 വരെയുള്ള എല്ലാ ക്ലാസ്സുകളും അവിടേക്ക് മാറ്റി. 1924-ൽ തന്നെ സ്കൂളിന് ആരംഭം കുറിച്ചതായി അഡ്മിഷൻ രജിസ്റ്റർ പ്രകാരം കാണപ്പെടുന്നതായി അറിയുന്നു.ഇന്ന് സ്കൂൾ നിൽക്കുന്ന സ്ഥലം

മനക്കാരുടെ തന്നെ ആയിരുന്നു.1961 മുതൽ 2000 വരെ 5 മുതൽ 10 വരെ  ക്ലാസ്സുകളാണ് ഉണ്ടായിരുന്നത്. രക്ഷിതാക്കളുടെയും നാട്ടുക്കാരുടേയും താൽപ്പര്യ പ്രകാരം സ്ഥലം  MLA കൂടിയായിരുന്ന ശ്രീ . കെ. രാധാകൃഷ്ണന്റേയും ശ്രമ ഫലമായി 2000 മുതൽ ഹയർ സെക്കന്ററി കൂടി ഇവിടെ ആരംഭിച്ചു. ഇപ്പോൾ **5 മുതൽ 12 വരെ ക്ലാസ്സുകൾ നടന്നു വരുന്നു.75 ഓളം സ്റ്റാഫുകളും 1800 ഓളം കുട്ടികളും പഠിക്കുന്ന ഈ സ്ഥാപനം നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു.**





മൊയ്തീൻകുട്ടി. പി
HST മലയാളം

## ഓറഞ്ചു സൂര്യൻ



കടലുപോലെ ശാന്തമെങ്കിലും
നിന്റെ ഹ്രിദയം എത്രമേൽ
പ്രക്ഷുബ്ധമെന്ന് എനിക്കല്ലേ അറിയൂ...
നിന്റെയോരോ തിരയിളക്കങ്ങളിലും
ഒരു തേങ്ങലായെന്റെ ഹ്രിദയതാളമുണ്ട്..


ചുട്ട നെടുവീർപ്പുകളായത് തീരത്തെ
പുൽകുമ്പൊഴും ഞാനറിയുന്നുണ്ട്
എന്റെ നെഞ്ചിലുയരുന്ന നൊമ്പരം..
മണൽത്തരികളന്നേറ്റു വാങ്ങിയ
എന്റെ ഹ്രിദയരക്തകണികകൾ
തിരകൈകളാൽ മായ്ച്ചെടുത്തവളാണ് നീ..

മരവിച്ച മനസ്സും മുറിവേറ്റൊരുടലുമായന്ന്
അന്ധകാരതീച്ചൂളയിൽ വെന്തുരുകുമ്പോഴും
എന്റെയുള്ളിലെ കടൽ നീയറിയാതെ പോയി..
പ്രണയകാലത്തിന്റെ മൂകസാക്ഷിയായ-
ഓറഞ്ചു സൂര്യൻ കടലാഴങ്ങളിൽ മുഖം മറച്ചു..





## പട്ടം



സ്വാതന്ത്ര്യത്തിൻ കൊടികൾ പാറുന്ന വിണ്ണിലൂടെ പാറുന്ന ഒരു വെൺ നൂൽ പട്ടം, നിലാവിൽ മിന്നിത്തിളങ്ങുന്ന നക്ഷത്ര കൂട്ടങ്ങൾക്ക്

നടുവിലൂടെ പാറിപ്പറന്നു നടക്കുന്ന പട്ടം

മരങ്ങൾക്കിടയിലൂടെ പട്ടം പാറുമ്പോൾ

ഇക്കിളിപൂണ്ട് അത് പുഞ്ചിരിക്കുന്നു

ദീപക്ക്ക്രിഷ്ണ.യു 9A

## പൊൻ ഗ്രാമം

നാട്ടിടനാഴികൾ പോയി കാറ്റു-

മെൻ ചുമലേറി വരുന്നു
കതിരുകളെല്ലാം നിരന്നു നല്ല
ചെമ്പകപ്പൂമണമേന്തി
പച്ച വിരിപ്പിട്ടപോലെ
വയലേലകൾ പൂങ്കുഴലൂതി
മഴവില്ലു വിളക്കായ് -വെട്ടം
എങ്ങും പരത്തീടുകില്ലേ.....

ആകാശ്.യു.എസ് 9B

# ജലരക്ഷാമിഷൻ – 676

**നീന്തൽ പരിശീലനം രണ്ടാംഘട്ടം എനിക്ക് നല്ല ഒരു അനുഭവമാണ് ഉണ്ടായത്. ധാരാളം കാര്യങ്ങൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു ആദ്യമൊന്നും എനിക്ക് നീന്തൽ അറിയില്ലായിരുന്നു. പിന്നെ 24 ദിവസത്തെ പരിശീലനത്തിൽ എനിക്ക് വളരെ നന്നായി നീന്തൽ പഠിക്കുവാൻ കഴിഞ്ഞു. സാറുമ്മാരുടെ ഭാഗത്ത് നിന്നും നല്ല സപ്പോട്ടാണ് ഉണ്ടായിരുന്നത് നീന്തലിനെക്കുറിച്ച് ധാരാളം കാര്യങ്ങൾ അവർ പറഞ്ഞുതന്നു. എന്റെയും എന്റെ കൂട്ടുകാരുടെയും പേരിൽനന്ദിരേഖപ്പെടുത്തുന്നു**

അഖിൽ.എം.എച്ച് 9A

# കേരളം നമ്മുടെ ഭാവനയിൽ

അജിൻ 10C

നൂറ്റാണ്ടുകൾ കണ്ടതിൽവച്ച് ഏറ്റവും വലിയ പളയത്തെയാണ് നമ്മൾ കേരളീയർ നേരിട്ടത്. സ്നേഹത്തിൻറെയും സാഹോദര്യത്തിൻറെയും വിവേചനങ്ങളില്ലാതെ മഹാപ്രളയത്തെ നമ്മൾ അതിജീവിച്ചു. ഇനി അതിജീവനത്തിൻറെ പാതയിലാണ്. പ്രളയത്തിനുശേഷമുള്ള പുതിയ പുൽനാമ്പുകൾ മുളച്ചുതുടങ്ങിയിരിക്കുന്നു. മുമ്പുണ്ടായിരുന്ന അതെ പ്രൗഢിയും വൈവിധ്യ വിഭവസമ്പത്തുകൾ നിറഞ്ഞ കേരളത്തെ കെട്ടിപ്പടുക്കേണ്ടതുണ്ട്. അതിനായി നാം ഓരോരുത്തരും കൈകോർക്കണം.

ദുരന്തങ്ങൾ,പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയവ ഇനിയുമുണ്ടാകാം.ആദ്യം അതിനു വേണ്ട മുൻകരുതലാണ്എടുക്കേണ്ടത്.ഭരണകക്ഷികളും ജനപ്രതിനിധികളും ജനങ്ങൾക്കാവശ്യമായ തരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങൾ നടത്തണം.ദുരന്തത്തെ നേരിടുന്നതിന് പകരം അതുണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കണം.തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നവകേരളം പുനസ്ഥാപിക്കാൻ വേണ്ടി ചെയ്യേണ്ടതുണ്ട്. ആർദ്രം,ലൈഫ് തുടങ്ങിയുള്ള പദ്ധതികൾ ആവിഷ്കരിക്കണം.അത്യാധുനിക സംവിധാനങ്ങളുള്ള കേരളമാണ് ഇനി കെട്ടിപ്പടുക്കാൻ .ഓരോ ജനങ്ങളിലും നവകേരളം സൃഷ്ടിക്കുന്നതിനുള്ള ആത്മബോധം ഉണർത്തണം.കൃഷിക്കും ജലസേചനത്തിനും മുൻകരുതലെടുക്കണം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നമുക്ക് ചെയ്യാനാകും.....

## പരിശ്രമം വിജയത്തിൻ മുന്നോടി



എന്റെ മറക്കാനവാത്ത അനുഭവം വരവൂർ സ്കൂളിൽ നടന്ന ഒരു കായിക മേളയെക്കുറിച്ചാണ്. അന്ന് ഞാൻ ആ കായിക മേള കാണാൻ പോയി. എന്റെ കൂട്ടുകാരെല്ലാം ഓടാൻ ഉണ്ടായിരുന്നു. എനിക് ഓടാൻ പേടിയുണ്ടായിരുന്നു. പക്ഷെ ആഗ്രഹമുണ്ടായിരുന്നു. എന്റെ കൂട്ടുകാർ എന്നോട് പങ്കെടുക്കാൻ പറഞ്ഞു. പക്ഷെ ഞാൻ അവരെ എതിർത്തു. അവർ എന്നോട് പറഞ്ഞു നീ ഓടിയില്ലെങ്കിൽ നിന്നോട് മിണ്ടില്ല എന്ന് . അപ്പോൾ എനിക്ക് ഈ മത്സരത്തിൽ ജയിച്ചില്ലെങ്കിലും

ഓടണമെന്ന് തോന്നി. അങ്ങനെ ഞാൻ ഓടി. എനിക്ക് ഒന്നാം സ്ഥാനം ലഭിക്കുകയും ചെയ്തു . അപ്പോൾ എനിക്ക് മനസ്സിലായി പരിശ്രമിച്ചാൽ വിജയം ഉറപ്പാണെന്ന്.

അർജ്ജുൻ.സി.കെ 9A

# കേരളത്തിന്റെ ബുദ്ധമയൂരി



കേരളത്തിന്റെ സംസ്ഥാനപദവി നേടാനൊരുങ്ങുന്ന ശലഭമാണ് ബുദ്ധമയൂരി.പാപിലിയോണിഡെ കുടുംബത്തിൽപ്പെട്ട ഇവയ്ക്ക് കറുപ്പും നീലകലർന്ന പച്ചയും കടുംപച്ചയും ഇടകലർന്ന ചിറകുകളാണ് പശ്ചിമഘട്ടത്തിലാണ് ഇവ കൂടതലായി കാണുന്നത്. കേരളം, കർണാടക, ഗോവ സംസ്ഥാനങ്ങളിലും കണ്ടുവരുന്നു.കേരളത്തിൽമലബാർ പ്രദേശത്ത് സുലഭമായി കാണാം.ജൂലായ് മുതൽ ഡിസംബർ വരെയാണ് കൂടുത ലായി കാണുക.വംശനാശഭീഷണി നേരിുന്ന മുള്ളുമുരുക്കിൽ നിന്നാണ് ഇവ ആഹാരം ശേഖരിക്കുന്നത്. വനദേവത, പുള്ളിവാലൻ, മലബാർറോസ് എന്നിവയോട് മത്സരിച്ചാണ് ബുദ്ധമയൂരി ഒന്നാംസ്ഥാനം നേടിയത്. വന്യജീവിസംരക്ഷണ നിയമപ്രകാരം ഷെഡ്യൂൾ

രണ്ടിൽ ഈ ശലഭത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്

ഹഫ്സത്ത് 9E

## ഗാന്ധിജി



ഇന്ന് ഞാൻ നിങ്ങളുടെ മുന്നിൽ നിൽക്കുന്നത് യുഗപ്രഭാവനായ ഗാന്ധിജിയുടെ ദർശനങ്ങളെ കുറിച്ച് ചർച്ച ചെയ്യാനാണ്.ഗാന്ധിയൻ ദർശനങ്ങളെ കുറിച്ച് വിശകലനം ചെയ്യുമ്പോൾ നാം ആദ്യം ചിന്തിക്കേണ്ടത് ഗാന്ധിജിയുടെ സ്വഭാവ സവിശേഷതകളെ കുറിച്ച് തന്നെയാണ് .ഗാന്ധിജിയോളം ജനസമ്മതനായ ശത്രുക്കൾ പോലും ആദരിക്കുന്ന മറ്റോരു വ്യക്തിത്വം നമ്മുടെ പരിചയ സീമയിൽ ഇല്ല തന്നെ .ഇന്ത്യയെന്ന പേരു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ആദ്യം ഓടിയെത്തുന്നത് ഒരു കായിക ബലവും അവകാശപ്പെടാനില്ലാത്ത ഗാന്ധിജിയുടെ രൂപമാണ്.കോടിക്കണക്കിന് ഇന്ത്യക്കാരെ സ്വാതന്ത്ര്യത്തിലേക്കു നയിച്ച എന്ന ഒറ്റ

കാരണത്താൽ ഗാന്ധിജിക്ക് മഹാത്മ എന്ന പദവി
നൽകാമെന്നാണ് എന്നുടെ പക്ഷം. തോക്കിനും പീരങ്കിക്കും വെടിയുണ്ടയ്ക്കും എതിരെ ക്ഷമയും സഹനശക്തിയും ആയുധമാക്കാൻ മഹാത്മാവിനല്ലാതെ മറ്റാർക്കു കഴിയും.ചുരുക്കി പറഞ്ഞാൽ നാം ഇന്ന് അഭിമുഖീകരിക്കുന്ന ഒട്ടുമിക്ക പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം ഗാന്ധിജിയുടെ ജീവിത ദർശനങ്ങൾ കടം കൊള്ളുക എന്നതാണ്.

നിത്യ.എം.വി 9B

# ബേക്കൽകോട്ട



കേരളത്തിലെ കാസർകോട് ജില്ലയിൽ ആറേബ്യൻകടൽ തീരത്ത് സ്ഥിതിചെയ്യുന്ന ബേക്കൽകോട്ടയുടെനിർമാണം ആരംഭിച്ചത് കോലത്തിരാജാക്കന്മരാണെന്നും ശിവപ്പനായത് ഭരണാതികാരിയാണ് പണിപൂർത്തിയാക്കിയതെന്നുകരുതുന്നു. 1763-ൽമൈസൂറിലെഹൈജർഅലി കോട്ട കീഴടക്കി . ടിപ്പുസുൽത്താൻ ഭരണകാലത്ത് കാനറഹ്ഗസൂൽ കോട്ടത്തിരിച്ചുപിടിച്ച

**സഞ്ചയ് രാജ് 9B**

# സമ്മാനം

അമ്പിളിമാമൻ വീട്ടിലും നമ്മുടെ
അമ്മാമന്മാർ ചിലർ പോയി വന്നു
അഞ്ചാറുകല്ലുകളത്രേ നമുക്കൊരു
സഞ്ചിയിൽ മാമൻ കൊടുത്തയച്ചു
കല്ലുകളെങ്കിലുമെന്തൊരു ചന്തം
ആ കല്ലുകളാരും കൊതിച്ചു പോകും
നാളെ നമുക്കവിടെപ്പോയ് നല്ലതു
നാലഞ്ചു നോക്കിയെടുത്തു പോരാം.....

**സുജ 9B**



## കാടറിയാം-2019

കാടറിയാം 2019 ഭാഗമായി ജനുവരി 24ാം തിയതി പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനും വരവൂർ ഗവ.സ്കൂളും ചേർന്ന് കാട്ടിലേക്ക് ഒരു യാത്ര പോകാൻ തീരുമാനിച്ചിട്ടുണ്ട്.അതിന് മുന്നോടിയായി ഫോറസ്റ്റ് ഉദ്യോഗസ്ഥർ സ്കൂളിലേക്ക് വന്ന് കാട്ടുതീയിനെക്കുറിച്ച് ഒരു ക്ലാസ്സ് നടത്തുകയുണ്ടായി.അതിൽനിന്ന് ധാരാളം കാര്യങ്ങൾ മനസ്സിലായി.കാട്ടുതീ എങ്ങനെ തടയണമെന്നും കാടിനെ എങ്ങനെ സംരക്ഷിക്കണമെന്നും മനസ്സിലാക്കിത്തന്നു. ഇതിൽനിന്ന് കാടിനെ സംരക്ഷിക്കണമെന്ന ആശമാണ് മനസ്സിലായത്.

സാരംഗ് കൃഷ്ണ 9A

## കേരളം അതിജീവിച്ച കഥ



കേരളം മഹാ പ്രളയത്തിൽ നിന്നുംകരകയറുകയാണ്ഓർത്തെടുക്കുമ്പോൾ ഭയപ്പെടുത്തുക-മലയാളിയായതിൽ അഭിമാനം തോന്നുകയുംചെയ്യുന്ന നിമിഷങ്ങളുണ്ട്.കുളിർതെന്നലിന്റെ സുഖമുള്ളമഴയേർമ്മകൾ മനസ്സിൽ സൂക്ഷിച്ചിരുന്ന മലയാളികണ്ടത് മഴയുടെ രൗദ്രഭാവം.നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം.അർത്തലച്ച് പെയ്യുന്ന മഴയിൽ

അണക്കെട്ടിന്റെ ഷട്ടറുകൾ ഉയർത്തി റോഡുകളും

വീടുകളും കുന്നുകളുംഇടിഞ്ഞുവീണു.കിട്ടിയതൊക്കെ എടുത്ത് ദുരിതാശ്വാസക്യാമ്പിലേക്ക് ഓടിയവർ ഒറ്റപ്പെട്ട് കുടുങ്ങിക്കിടക്കുന്നവർക്കായുള്ള ഒറ്റവരുടെ സഹായാഭ്യാർത്ഥനകൾ ഒരു മനുഷ്യായുസ്സിൽ മറക്കാൻ ആവാതെ നടക്കുന്ന ഓർമ്മകളാണ് പ്രളയം എനിക്ക് സമ്മാനിച്ചത്.

**ശ്രേയസ്സ് 9A**

# ബാല്യം

മഴത്തുള്ളിപ്പൂൽ തേടിനടന്നൊരാബാല്യം
ഒളിച്ചുകളിച്ചുല്ലാസലഹരിയിലാണ്ടകാലം
ഓടിച്ചാടി മണ്ണപ്പം ചുട്ട്കളിച്ചൊരാബാല്യം
പാറിപ്പറന്ന് കളിച്ചുല്ലസിച്ചബാല്യമെ
നിന്നെ ഞാൻ ഒരുപാട് മോഹിക്കുന്നു
നുകർന്നുനുകർന്നു മതിവരാത്തതെന്തെ
നിൻ തേനൂറും ബാല്യകാല കുസൃതികൾ
ഓർമ്മയായ് മാറി വീണ്ടും നുകരാൻ
ഒരുകൊതിയുണ്ട് അപ്പോഴുമിപ്പോഴുമെന്നും

**സുമീഷ 9B**

# നിറം മങ്ങുന്ന താജ്മഹൽ



ആഗ്രയിലെ രൂക്ഷമായ വായു മലിനീകരണം ലോകപ്രശസ്ത സ്മാരകമായ താജ്മഹലിന്റെ നിറം കെടുത്തിക്കൊണ്ടിരിക്കുന്നു. മഥുരയിലെ എണ്ണശുദ്ധീകരണശാലകളിൽ നിന്നു പുറന്തള്ളുന്ന പുകയിൽ അടങ്ങിയിരിക്കുന്ന സൾഫർ ഡൈ ഓക്സൈഡ് താജ്മഹൽ നിർമിച്ചിരിക്കുന്ന മാർബിളിനു ഭീഷണിയാണ്. ആ വെണ്ണക്ക ൽ സ്മാരകത്തിന്റെ നിറം മഞ്ഞയായി മാറിക്കൊണ്ടിരിക്കുന്നു. ബ്ലാക്ക് കാർബൺ, ബ്രൗൺ കാർബൺ,പൊടി എന്നിവ ഈ നിറം മാറ്റത്തിനു കാരണമാവുന്നു എന്നാണ് പുതിയ പഠനങ്ങൾ നൽകുന്ന സൂചന. വാഹന ങ്ങളിൽനിന്നും വ്യവസായശാലകളിൽനിന്നും പുറത്തുവരുന്ന വാതകങ്ങൾ, ഫോസിൽ ഇന്ധനങ്ങളുടെ ജ്വലനം, ബയോമാസിന്റെയും മാലിന്യങ്ങളുടെയും ജ്വലനം എന്നിവയൊക്കെ യാണ് ഈ മാലിന്യങ്ങളുടെ പ്രധാന സ്രോതസ്സുകൾ.

**തസ്ലീം 9E**

# ശബ്ദങ്ങൾ

നേരം പുലരാറായപ്പോൾ
കൊക്കര പാടി പൂങ്കോഴി
മാവിൻ കൊമ്പിലിരിന്നിട്ട്
കൂ കൂ പാടി കുയിലമ്മ

വിരുന്നിനാള് വരുന്നേരം
കാ കാ പാടി കാക്കച്ചി
കാർമുകിൽ മേലെ നിരന്നപ്പോൾ
ക്രോം ക്രോം പാടി തവളമ്മ

**നിത്യ.എം.വി 9B**

## മഴ

മഴ വന്നു മഴ വന്നു
മുററം നിറയെ മഴവെള്ളം
മലയുടെ മുകളില് തങ്ങാതെ
മാളിക മുകളില് തങ്ങാതെ
കാട്ടിലെ കിളികള്ക്കുത്സവമായ്
കുളിരേകാനായ് മഴ വന്നു
അരുവികള് കളകളമൊഴുകുന്നു
ഇലകള് താളമടിക്കുന്നു
കുയിലുകള് നാദം പാടുന്നു
മയിലുകള് നൃത്തം ആടുന്നു
മഴ വന്നു മഴ വന്നു
മുററം നിറയെ മഴ വന്നു

**അഞ്ജന 9B**

